# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ. **152/2026** തിരുവനന്തപുരം, തീയതി: **21/07/2026**

## പത്രക്കുറിപ്പ്

### ഒന്നാം വർഷ എം.എഡ് പ്രവേശനം - 2026

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ എം.എഡ് കോഴ്സിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ജൂലൈ 31 നു മുൻപായി കേരള യൂണിവേഴ്സിറ്റി അഡ്മിഷൻ സെക്ഷനുമായി (Ac.H) ബന്ധപ്പെടേണ്ടതാണ് . 2026-27 അധ്യയന വർഷത്തിലെ എം.എഡ് പ്രവേശനം 2026 ജൂലൈ 31 ന് അവസാനിക്കുന്നതാണ് . ഇതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല .

അഡ്മിഷൻ വെബ്സൈറ്റ് : (https://admissions.keralauniversity.ac.in)

ഹെൽപ്പ് ലൈൻ നമ്പർ : 8281883053 ( Whatsapp also)

ഇ-മെയിൽ : bedadmission@keralauniversity.ac.in

### ബിരുദാനന്തര ബിരുദപ്രവേശനം 2026 - 27

### സപ്ലിമെന്ററി/ കമ്മ്യൂണിറ്റിക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നല്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം.

കേരളസർവകലാശാലയോട്അഫിലിയേറ്റ്ചെയ്തിട്ടുള്ളകോളേജുകളിലേക്കുള്ള ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കുംപുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം, തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

നിലവിൽ അഡ്മിഷനിൽതുടരുന്നവിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/ സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർ, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർ, നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികൾ, കോളേജ് പ്രവേശനം നേടി ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികൾ എന്നിവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം "edit profile" ലിങ്ക് വഴി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ പഴയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

നിലവിൽ അലോട്ട്മെന്റുകൾഒന്നുംലഭിക്കാത്തവിദ്യാർത്ഥികൾ പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നല്കിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

സപ്ലിമെന്ററി അലോട്ട്മെന്റിലൂടെ പുതിയ സീറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. യാതൊരു കാരണവശാലും അവർക്ക് മുൻപ് ലഭിച്ച സീറ്റിൽ തുടരാൻ സാധിക്കുന്നതല്ല. അതിനാൽ, സപ്ലിമെന്ററി അലോട്ട്മെന്റിനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ ആവശ്യമുള്ള ഓപ്ഷനുകൾ മാത്രം ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇതര സർവകലാശാലകളിൽനിന്ന് ബിരുദം പൂർത്തിയാക്കിയ അപേക്ഷകർ, അഡ്മിഷൻ സമയത്ത് നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് .

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും **(options for supplementary allotment)** അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷൻസ് നൽകുന്നതിന് അവസരം.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽപ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ **പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ളകമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി മുൻഗണനക്രമത്തിൽ ഓപ്ഷനുകൾ നൽകാവുന്നതാണ്.**

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ **എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.**

**രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.**

**വെബ്സൈറ്റ്:** *https://admissions.keralauniversity.ac.in/pg2026*

**ഹെൽപ്പ് ലൈൻ നമ്പർ:** *8281883052*

## "ഇഖ്തിബാർ ഹംസപരീക്ഷക്ക് അപേക്ഷ ക്ഷണിക്കുന്നു "

കേരള സർവകലാശാല അറബിക് പഠന വകുപ്പ്, സൗദിയിലെ കിംഗ് സൽമാൻ ഗ്ലോബൽ അക്കാദമി ഫോർ ദി അറബിക് ലാംഗ്വേജുമായി ചേർന്ന് നടത്തുന്ന ഇഖ്"'തിബാർ ഹംസഅറബിക് മാതൃഭാഷ .പരീക്ഷക്ക് അപേക്ഷ ക്ഷണിക്കുന്നു " അല്ലാത്തവരുടെ അറബിക് ഭാഷാ പ്രാവീണ്യം അളക്കുന്ന ഒരു ഇൻറർനാഷനൽ സ്റ്റാൻഡേർഡ് പരീക്ഷയാണ് ഇഖ്തിബാർ ഹംസവായന ., ശ്രവണം, സംസാരിക്കൽ, എഴുത്ത് എന്നീ വിഭാഗങ്ങളിലൂടെ അറബിക് ഭാഷയിലെ പ്രാവീണ്യം അളക്കുന്നതിന് നടത്തുന്ന ഈ പരീക്ഷ എഴുതാൻ താൽപര്യമുള്ളവർ അപേക്ഷ സമർപ്പിക്കുന്നതിന് )www.arabicku.in) സന്ദർശിക്കുക :വിവരങ്ങൾക്ക് .7907655218 / 9633812633.

## കമ്മ്യൂണിക്കേറ്റീവ് അറബിക് സീറ്റൊഴിവ് -

കേരള സർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ആറുമാസ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് പതിനേഴാമത് (ഓൺലൈൻ പഠനം) : ഫീസ് .തത്തുല്യം / പ്ലസ് ടു :യോഗ്യത .ബാച്ചിലേക്ക് ഏതാനും സീറ്റുകളുടെ ഒഴിവുണ്ട് 6500 രൂപ) ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് .www.arabicku.in) സന്ദർശിക്കുക ജൂലൈ :അവസാന തീയതി .30. വിവരങ്ങൾക്ക് :9446827141

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ കീഴിലുള്ള രാജാ രവി വർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിൽ നടത്തിവരുന്ന മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് 2026-27 വർഷത്തേക്ക് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 03.08.2026 ലേക്ക് നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

## സൂക്ഷ്മ പരിശോധന

കേരളസർവകലാശാല എട്ടാം സെമസ്റ്റർ ബി .ടെക്) 2020 സ്കീം (മെയ് 2026 പരീക്ഷയുടെ ഉത്തരക്കടലാസുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി .കാർഡും, ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ) ഇ.ജെ.VII) 2026 ജൂലൈ 22 മുതൽ 2026 ജൂലൈ 24 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## പ്രാക്ടിക്കൽ/ വൈവവോസി

കേരളസർവകലാശാല 2026 ഏപ്രിൽ മാസം വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് കോഴ്സിന്റെ പ്രാക്ടിക്കൽ & വൈവവോസി പരീക്ഷ 2026 ജൂലൈ 23 മുതൽ ജൂലൈ 29 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in)

## ടൈംടേബിൾ

ഒന്ന്,മൂന്ന്,അഞ്ച്,ഒമ്പത് എന്നീ സെമെസ്റ്ററുകളുടെ പഞ്ചവത്സര എം.ബി.എ (ഇന്റഗ്രേറ്റഡ്) റഗുലർ & സപ്ലിമെന്ററി (2015 & 2022 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു

## പരീക്ഷാതീയതി പുന:ക്രമീകരിച്ചു

കേരളസർവകലാശാല 2026 ഏപ്രിലിൽ വിജ്ഞാപനം ചെയ്ത നാലാം സെമെസ്റ്റർ M.A English Language & Literature കോഴ്സിന്റെ വൈവവോസി പരീക്ഷയിൽ തിരുവനന്തപുരം, തോന്നയ്ക്കൽ, എ.ജെ കോളേജ് ഓഫ് സയൻസ് & ടെക്നോളജിയിൽ വെച്ച് നടത്താനിരുന്ന ജുലൈ 23 ആം തീയതിയിലെ പരീക്ഷ

ജൂലൈ 24-ലേക്ക് പുന:ക്രമീകരിച്ചിരിക്കുന്നുപരീക്ഷാകേന്ദ്രത്തിനോ . സമയത്തിനോമാറ്റമില്ല.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)


**E-mail:**For queries**helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**